(ഡി) നിലവിൽ കോർപ്പറേഷൻ സെപ്തംബർ 2014-ലെ പെൻഷൻ തുക ഭാഗികമായി മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. പ്രസ്തുത മാസം മിനിമം പെൻഷൻ തുകയുള്ള പെൻഷൻകാർക്ക് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. ഒക്ടോബർ 2014 മുതലുള്ള പെൻഷൻ തുക വിതരണം ചെയ്തിട്ടില്ല. ടി പെൻഷൻ കുടിശ്ശിക തീർക്കുന്നതിനായി 87 കോടി രൂപ ആവശ്യമാണ്.

(ഇ) 2014 സെപ്തംബർ മാസത്തെ കണക്കനുസരിച്ച് പ്രതിമാസം ശരാശരി 40.16 കോടി രൂപ പെൻഷൻ വിതരണത്തിനായി ആവശ്യമാണ്.

ഇന്ധന വിലനിലവാരത്തിനനുസരിച്ചുള്ള ചാർജ്ജ് ക്രമീകരണം

329 (331) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ധന വില കുറഞ്ഞ സാഹചര്യത്തിൽ ബസ്, ഓട്ടോ, ടാക്സി നിരക്കുകൾ കുറയ്ക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇന്ധന വിലനിലവാരത്തിനനുസരിച്ച് ചാർജ്ജുകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് ജീവനക്കാർക്കുള്ള അവധി

330 (332) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :,

(എ) ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നതിന് പ്രത്യേക അലവൻസ് ലഭ്യമാക്കാത്തതിന്റെ കാരണം എന്താണ് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ച അവധി ദിനമായി അനുവദിക്കാത്തതിന്റെ കാരണം എന്താണ് ? വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് വീക്ക് ലി ഓഫും അവധി ദിനങ്ങളിൽ ജോലി ചെയ്യുന്നതിന് കോമ്പൻസേറ്ററി ഓഫും നൽകുന്നുണ്ട്. അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നതിന് പ്രത്യേക അലവൻസ് നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly